പോലീസ് വകുപ്പ്

കേരളം

**No.C1-100378/2026/PHQ**

പോലീസ് ഹെഡ്ക്വാട്ടേർസ്,

തിരുവനന്തപുരം

വഴുതക്കാട്

പിൻകോഡ് :695010

✉phq.pol@kerala.gov.in

📞04712721547


തീയതി. 22-06-2026

**സർക്കുലർ. 8/2026/പി എച്ച് ക്യൂ**

വിഷയം : പോലീസ് ആസ്ഥാന കാര്യാലയത്തിലെ ഫുഡ് വേസ്റ്റ്, പ്ലാസ്റ്റിക് വേസ്റ്റ് എന്നിവ തരംതിരിച്ച് നിർമാർജ്ജനം ചെയ്യുന്നത് സംബന്ധിച്ച്.

സൂചന : (1) സർക്കാർ ഉത്തരവ് നമ്പർ G.O.(Rt) 811/2020/LSGD തീയതി 01.05.2020.
(2) നമ്പർ ഡി ഓ/158 /2026/പി/എച്ച്.ക്യൂ. തീയതി 22.04.2026 പ്രകാരം പോലീസ് ആസ്ഥാനത്തെ ഡ്യൂട്ടി ഓഫീസർ സമർപ്പിച്ചിട്ടുള്ള കുറിപ്പ്.

പോലീസ് ആസ്ഥാനകാര്യാലയത്തിലെ ജൈവ - അജൈവ മാലിന്യങ്ങൾ നിലവിൽ ശേഖരിച്ച് നിർമാർജ്ജനം ചെയ്തുവരുന്നത് ‘വി കെയർ എൻവിറോൺമെന്റൽ സൊല്യൂഷൻസ് എന്ന സ്ഥാപനമാണ്. വിവിധ സർക്കാർ സ്ഥാപനങ്ങളുടെ മാലിന്യനിർമാർജ്ജനച്ചുമതലയുള്ള പ്രസ്തുത സ്ഥാപനത്തിന് മറ്റിടങ്ങളിൽ നിന്നും ഫുഡ് വേസ്റ്റ്, പേപ്പർ വേസ്റ്റ്, പ്ലാസ്റ്റിക് വേസ്റ്റ് എന്നിങ്ങനെ തരംതിരിച്ചാണ് മാലിന്യങ്ങൾ ലഭ്യമാക്കുന്നതെന്നും പോലീസ് ആസ്ഥാനത്തുനിന്നും അപ്രകാരം തരംതിരിച്ച് ലഭ്യമാക്കാത്തത് മാലിന്യ നിർമാർജ്ജനപ്രക്രിയ ബുദ്ധിമുട്ടേറിയതാക്കുന്നു എന്നും സ്ഥാപനപ്രതിനിധികൾ അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ മാലിന്യനിർമാർജനം സുഗമമാക്കുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.-

(1) പോലീസ് ആസ്ഥാന കാര്യാലയത്തിലെ ഓരോ ഫ്ലോറിലും മൂന്നു വേസ്റ്റ് ബക്കറ്റുകൾ വീതം സ്ഥാപിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും, ഫുഡ് വേസ്റ്റ്, പേപ്പർ വേസ്റ്റ്, പ്ലാസ്റ്റിക് എന്നിവ തരംതിരിച്ച് പ്രത്യേകം മാർക്ക് ചെയ്തിരിക്കുന്ന ബാസ്കറ്റുകളിൽ മാത്രം നിക്ഷേപിക്കേണ്ടതുമാണ്.

(2) ഫുഡ് വേസ്റ്റിനോപ്പം സാനിട്ടറി പാഡുകൾ നിക്ഷേപിക്കുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സാനിട്ടറി പാഡുകൾ നശിപ്പിക്കുനതിന് ഇൻസിനറേറ്ററുകൾ ആവശ്യത്തിനു സ്ഥാപിച്ചിട്ടുണ്ട്. അതിനാൽ ഭക്ഷണവേസ്റ്റിന്റെ കൂടെ സാനിറ്ററി പാഡുകൾ ഒരു കാരണവശാലും നിക്ഷേപിക്കാതെ അതിനായി ഇൻസിനറേറ്റർ പ്രയോജനപ്പെടുത്തുക.

(3) കുടിവെള്ളത്തിന്റെ പ്ലാസ്റ്റിക് കുപ്പികൾ അലക്ഷ്യമായി വലിച്ചെറിയരുത്.

(4) മറ്റു ഡിപ്പാർട്ട്മെന്റുകൾക്ക് സമാനമായ രീതിയിൽ ഭക്ഷണപദാർഥങ്ങൾ പാത്രങ്ങളിൽ കൊണ്ടുവരേണ്ടതും അതിലൂടെ അജൈവ മാലിന്യത്തിന്റെ അളവ് പരമാവധി കുറയ്ക്കേണ്ടതുമാണ്.

(5) നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായുണ്ടാകുന്ന അജൈവമാലിന്യങ്ങൾ ബന്ധപ്പെട്ട കോൺട്രാക്ടർമാർതന്നെ നിർമാർജനം ചെയ്യുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

(6) പോലീസ് ആസ്ഥാന കാര്യാലയത്തിൽ പ്രവർത്തിക്കുന്ന ക്രൈംബ്രാഞ്ച്, എസ് സി ആർ ബി, ഇ ഓ ഡബ്ല്യു, സൈബർ ഓപ്പറേഷൻ, എഫ് എസ് എൽ തുടങ്ങിയ എല്ലാ കാര്യാലയങ്ങളിലും മേൽ പറഞ്ഞിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഫുഡ് വേസ്റ്റ്, പേപ്പർ വേസ്റ്റ്, പ്ലാസ്റ്റിക് വേസ്റ്റ് എന്നിങ്ങനെ തരംതിരിക്കാതെയുള്ള മാലിന്യങ്ങൾ ശേഖരിച്ചു നിർമാർജ്ജനം ചെയ്യാൻ ബുദ്ധിമുട്ടാണെന്ന് “വി കെയർ എൻവിറോൺമെന്റൽ സൊല്യൂഷൻസ്” പ്രതിനിധികൾ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ, മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

റാവാഡ ആസാദ് ചന്ദ്രശേഖർ ഐ പി എസ്
സംസ്ഥാന പോലീസ് മേധാവി

സ്വീകർത്താവ് : (1) പോലീസ് ആസ്ഥാനത്തെ എല്ലാ ഓഫീസർമാർക്കും ജീവനക്കാർക്കും - അറിവിനും അനന്തരനടപടികൾക്കുമായി.
(2) എ.ഡി.ജി.പി., ക്രൈം ബ്രാഞ്ച്/എസ്.സി.ആർ.ബി., ഐ.ജി., ഇ.ഓ.ഡബ്ല്യൂ., എസ്.പി. സൈബർ ഓപ്പറേഷൻ , ഡയറക്ടർ എഫ്.എസ്.എൽ. - അറിവിനും അനന്തരനടപടികൾക്കുമായി.

പകർപ്പ് : മാനേജർ/ ഡ്യൂട്ടി ഓഫീസർ, പോലീസ് ആസ്ഥാനം.
സർക്കുലർ രജിസ്റ്റർ.